032:1M64:12 F2 THUPPAL KOLAMBI—KUNHI KUTTAN THAMBURAN

032:1M64:12
F2

032:1M64:12 F2
KUNHI KUTTAN THAM-
BURAN (K.).
Thuppal kolambi.

09

MUL
051109

Madras University Library

Date Label.

Ac. No. 51109. Cl. No. 032:1M6412 F2

This book should be returned on or before the date last marked below.

-2-'27.

FEB. 1930

OCT. 1936

3 DEC 1951

UNIVERSITY LIBRARY
APR. 19 9
MADRAS

# തുപ്പൽക്കോളാമ്പി

രണ്ടാം പതിപ്പ്

കൊടുങ്ങല്ലൂർ
കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു
കല്പിച്ചുണ്ടാക്കിയതു്.

പി. വി. കൃഷ്ണവാരിയർ
പ്രസാധകൻ

[വില നാലണ]

കോട്ടയ്ക്കൽ
ലക്ഷ്മീസഹായം അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

1922

032:1M6412
F2

# മുഖവുര

---

1073 മിഥുനത്തിൽ,—ഇനി കക്കിടകത്തിലല്ലെ എന്നറിഞ്ഞില്ല—കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു ഗുരുവായൂക്കു തൊഴുവാൻ ചെന്നിരുന്ന അവസരത്തിൽ നെടിയംവീട്ടിൽ ഉക്കോമുമേനോൻ, പെട്ടരഴിയത്തു രാമനിളയത്ത് മുതലായ ചില താല്പൎയ്യക്കാർ അവിടുത്തെ കാണ്മാൻ ചെല്ലുകയും, ഓരോന്നു സംസാരിച്ചുകൊണ്ടിരുന്ന കൂട്ടത്തിൽ അവിടുത്തെ ഭൂതകവനം ഒന്നു കണ്ടാൽ കൊള്ളാമെന്നു പറകയും ചെയ്യുതിന്റെ ഫലമായി അന്ന് ഒരു രാത്രികൊണ്ട് അവിടുന്ന് ഉണ്ടാക്കിയതാകുന്നു "തുപ്പൽകോളാമ്പി" എന്ന ഈ ചെറിയ കൃതി.

കുറേക്കാലത്തിന്നു മുമ്പാരിക്കൽ കൊടുങ്ങല്ലൂർ രാജാവിന്റെ അംഗരക്ഷകന്മാരും വലിയ അഭ്യാസികളും ആയി കിളിക്കോട്ട് എന്ന വീട്ടിൽ നാലുപേണിക്കന്മാരുണ്ടായിരുന്നു. അവരുടെ ഏകസഹോദരി കുറേ ധൂൎത്തയായിരുന്നതിനാൽ സംബന്ധക്കാരൻ നമ്പൂതിരി ഒരുദിവസം അവളും ജാരനും കൂടിയിരിക്കുന്നതു കാണ്മാനിടവരികയും, തൽക്കാലം കലശലായി ദ്വേഷ്യം വന്നതുനിമിത്തം അവിടെ അടുത്തു നിറച്ചു തുപ്പിവെച്ചിരുന്ന കോളാമ്പിയെടുത്ത് അവളുടെ തലയിൽ അഭിഷേകം കഴിക്കയും ചെയ്തു. തന്റെ കുററം മറയ്ക്കാനായി അവൾ ആ വേഷത്തിൽ ജ്യേഷ്ഠന്മാരുടെ

അടുക്കൽ ചെന്നു. അതു കണ്ടമാത്രയിൽ അവർ കോപിച്ചു കാര്യമൊന്നും മനസ്സിലാക്കാൻ ക്ഷമയില്ലാതെ നമ്പൂതിരിയെ പിടിച്ചു ഹിംസയും കഴിച്ചു. ധർമ്മശീലനായ രാജാവു വിവരം ധരിച്ച് അവരെ വരുത്തി വിസ്തരിച്ചശേഷം അവിടെനിന്നു നാടുകടത്തി വിടുകയും ചെയ്തു. ഈ പുരാവൃത്തമാണ് ഇതിലെ കഥാവസ്തു.

ഈ കൃതി 1074-ലെ 10-ാം പുസ്തകം വിദ്യാവിനോദിനിയിൽ മൂന്നു ലക്കങ്ങളിലായി പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ഇപ്പോൾ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ അനുവാദപ്രകാരം അതെടുത്ത് ഇങ്ങിനെ ഒരു പുസ്തകമാക്കിപ്പുറത്തിറക്കുന്നതാകുന്നു.

'തുപ്പൽകോളാമ്പി' എന്ന പേർ കേൾക്കുമ്പോൾ ആളുകൾക്ക് എന്തോ വല്ലാതെ ഒന്നു തോന്നിയേക്കാമെങ്കിലും ഈ കഥയിൽ പ്രാധാന്യം കോളാമ്പിക്കുതന്നെ ആയതിനാൽ അവിടുന്ന് ഈ പേർകല്പിച്ചതാണ്. അല്ലെങ്കിൽ "ഉടനുടനെ മുറുക്കി" തുപ്പുന്ന തിരുമനസ്സുകൊണ്ട് ഈ ചെറിയ കൃതിയെ ഒരു കോളാമ്പിയുടെ കൂട്ടത്തിൽ നിസ്സാരമായിട്ടേ കരുതീട്ടുള്ളു എന്നും, അതുകൊണ്ട് ആ പേരിട്ടതാണെന്നും വിചാരിക്കാം.

മഹാഭാരതം തർജ്ജമചെയ്തു തള്ളിയ മഹാകവിക്ക് ഇതു പക്ഷേ സാരമില്ലാത്തതുതന്നെയാണെങ്കിലും, മററുള്ളവർക്ക് ഇതു ഒരു മഹാരസികനായ മണിപ്രവാളകൃതിയായി തീർന്നിരിക്കുന്നു എന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇതൊരു ദ്രുതകവിതയാണെന്നു് ആദ്യംതന്നെ പറഞ്ഞിട്ടു

ണ്ടാല്ലോ. എന്നാൽ ഇതിലെ ഏതു ശ്ലോകം നോക്കിയാലും നമ്മുടെ ചില പ്രസിദ്ധകവികൾ ദിവസേന ഓരോ ശ്ലോകം വീതം ഉണ്ടാക്കി 100 ശ്ലോകം തികച്ചിട്ടുള്ള ഖണ്ഡകൃതികൾകൂടി ഇതിനോടു കിടപിടക്കുവാൻ മതിയാകുമെന്നു തോന്നുന്നില്ല. കഥ കൂട്ടിച്ചേർത്തതിലുള്ള ചാതുര്യം, പ്രായേണ ദീക്ഷിച്ചിരിക്കുന്ന കേരളവർമ്മപ്രാസം, അലങ്കാരബാഹുല്യം, അർത്ഥനിഷ്കർഷ, ഫലിതമായ ചില പൊടിക്കൈകൾ ഈവക ഓരോ ഗുണങ്ങളും ഈ കൃതിയിൽ പ്രായേണ എല്ലാ ശ്ലോകത്തിലും കാണുന്നുണ്ട്. ഇങ്ങിനെ കവിതയെ സ്വാധീനപ്പെടുത്തി 'തെളിച്ചപാട്ടിൽ നടത്താൻ' തിരുമനസ്സിലേക്കല്ലാതെ നമ്മുടെ ഇടയിലുള്ള ഒരു കവിക്കും സാധിക്കുന്നതല്ലെന്നു സധൈര്യം പറയാം.

ഇത്രമാത്രം പറയുന്നതല്ലാതെ, ദൃഷ്ടാന്തത്തിന്നു ശ്ലോകങ്ങളെടുത്തെഴുതി ഈ മുഖവുര ദീർഘിപ്പിക്കുവാൻ പുറപ്പെടുന്നില്ല.

പി. വി. കൃഷ്ണവാരിയർ
പ്രസാധകൻ.

## രണ്ടാംപതിപ്പിന്റെ

# മുഖവുര

ഒരു പന്തീരാണ്ടിന്നു മുമ്പാണ് ഈ കൃതി ആദ്യം പുസ്തകാകൃതിയിൽ പുറത്തുവന്നത്. അന്ന് അച്ചടിച്ച കോപ്പികൾ മുഴുവനും വിററു ചിലവായിട്ട് കുറച്ചുകാലമായിരിക്കുന്നു. എങ്കിലും ഈ കൃതിയുടെ കർത്താവായ പരേതനായ മഹാകവിയുടെ എല്ലാ കൃതികളും ഒരേതരം പുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തുവാനേർപ്പാടു ചെയ്തിട്ടുള്ളതുകൊണ്ട് ഇതും ആക്കൂട്ടത്തിൽ പെടുത്താമെന്ന് വിചാരിച്ചുകൊണ്ടിരിക്കയായിരുന്നു. അതിന്നിടക്കു പ്രസ്തുതപുസ്തകത്തിന്ന് അധികമധികം ആവശ്യക്കാരുണ്ടായി കണ്ടതിനാലും, തിരുമനസ്സിലെ കൃതികൾ രണ്ടാംപുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ ഒരുക്കമായിട്ടില്ലാത്തതുകൊണ്ടും ഇതിങ്ങിനെ പ്രത്യേകം ഒരു പുസ്തകമാക്കുന്നതാണ്.

കോട്ടയ്ക്കൽ<br>1098 വൃശ്ചികം 1-ാംനു } പി. വി. കൃഷ്ണവാരിയർ

51109
032:1M64:2
F2

# തുപ്പൽക്കോളാമ്പി

പുരാണവേദപ്പൊരുളായ് വിളങ്ങിടും
പുരാരിദാരങ്ങളെ വീണുകൂപ്പി ഞാൻ
പുരാതനന്മാരിലുദിച്ച ഭക്തിയാൽ
പുരാണവൃത്തം പറയുന്നു കേൾക്കുവിൻ. ൧

ഒരുനാളൊരു വീട്ടിനുള്ളിൽവെച്ചി-
ട്ടൊരു ഭർത്താവൊരു ഭാര്യയോടു ശ്രദ്ധം
പരിചോടു പറഞ്ഞൊരിച്ചരിത്രം
പറയാം ഞാനിഹ പദ്യരീതിയാക്കി. ൨

ഭർത്താവോടൊരുമിച്ചു ഭാര്യ പതിവിൻ-
വണ്ണം മുറുക്കിപ്പരം
ചിത്താമോദമിയന്നുടൻ വെടിപറ-
ഞ്ഞുംകൊണ്ടിരിക്കുംവിധൌ
"വൃത്താന്തം പലതും ധരിച്ചൊരു ഭവാ-
നേതെങ്കിലും നിദ്ര വ-
ന്നെത്താറാകുവതിന്നുമുമ്പു കഥ ചൊൽ-
കെ"ന്നായി കഞ്ജാക്ഷിയാൾ. ൩

"കഥയില്ല നമുക്കു, പിന്നെയെന്തോ
കഥ ചൊല്ലുന്നതു കാതരാക്ഷിയാളേ!
കഥമപ്യഥവാ ഭവൽപ്രിയാർത്ഥം
കഥനം ചെയ്യുവനൊന്നു കേൾക്ക കാന്തേ! ൪

APR ... MADRAS

പണ്ടെല്ലാം കോടിലിംഗക്ഷിതിയുടെ ഭരണം
മാടരാജന്റെ കീഴിൽ
കൊണ്ടല്ലെന്നല്ല ശൈലാംബുധിപരിപദവി-
ക്കൊട്ടു കീഴായിരുന്നു;
രണ്ടല്ലാ പക്ഷമീഭൂമിപ,രതുവഴിയാ-
യിങ്ങുതൃത്തിക്കു തക്കം-
കൊണ്ടെല്ലായ്പ്പോഴുമോരോവക കലഹവുമീ
നാട്ടിലുണ്ടായിരുന്നു. ൫

അക്കാലം പർവ്വതാംഭോനിധിപതിയകല-
ത്താകയാൽ പിന്തുണയ്ക്കായ്
നിൽക്കാനെപ്പോഴുമൊക്കില്ലിവിടെയുടയവൻ
കോടിലിംഗാധിനാഥൻ
മുഷ്ക്കാളും മാടഭൂപപ്പടയൊടു പൊരുതി-
ക്കൊണ്ടുമീ നാടു പാലി-
ച്ചൊക്കാനാളല്ലതാനും തനതുഭുജബലം-
കൊണ്ടു വേണ്ടുംപ്രകാരം. ൬

എന്നാലും ഭദ്രകാളീഭഗവതിയിവിടെ-
ക്കുള്ളതുണ്ടാകയാലെ-
ന്തെന്നാലും മാടരാജാവിനു മഹിമുഴുവൻ
കീഴടങ്ങില്ലതാനും;
എന്നായിട്ടേറെനാൾ ചെന്നളവിലൊരുദിനാ-
റല്ല ലാക്കിപ്പോഴെന്നു-
ണ്ടെന്നായിക്കണ്ടു കോപ്പിട്ടിതു വലിയ പട-
യ്ക്കൊന്നു കൊച്ചിക്ഷിതീശൻ. ൭

എന്താണെന്നൊട്ടു ചോദിച്ചതു തരുണി! 'വിശേ-
ഷിച്ചു കൊച്ചിക്ഷിതീശ-
ന്നെന്താണിപ്പോൾ തരം വന്നതു പറയുക'യെ-
ന്നല്ലയോ മല്ലനേത്രേ!,
ഹന്താദ്യം ചൊല്ലിവെക്കേണ്ടതു സുമുഖി! മഠ-
ന്നേനഘാ, രാജ്യരക്ഷാ-
ചിന്താസാമർത്ഥ്യമല്പം കുറയുമൊരുവനാ-
ണന്നു ശൈലാബ്ധിനാഥൻ. ൮

എന്നല്ല നല്ല കളി പാട്ടു പഠിപ്പു പിന്നെ-
ക്കന്നൽക്കരിംകുഴലിമാരൊടു കൂടിയാട്ടം
എന്നീവകക്കു രുചികൊണ്ടിഹ രാജ്യകാര്യ-
ത്തിന്നീ മഹീശനവധികന്നിടയില്ലതാനും. ൯

എന്തിന്നങ്ങേപ്പുറം ഞാനധികമിഹ പറ-
ഞ്ഞീടുന്നു? കാര്യം കഥിക്കാം
പന്തിന്നൊപ്പെൺകിടാങ്ങൾക്കടയെഴുരടിവിധി-
ച്ചോരു പോർക്കൊങ്കയാളേ!
പന്തിക്കായ് നാടുനേടുന്നതിനു പഴുതുകി-
ട്ടുമ്പൊളെന്തെങ്കിലും താൻ
ചിന്തിക്കാതെകിടക്കുമെന്നൊരു മടയനുമ-
ല്ലന്നു മാടക്ഷിതീശൻ. ൰

മന്ത്രീന്ദ്രൻ പാലിയത്തച്ചനുമവനിപനും
ശുദ്ധമായ്വേണ്ട കാര്യം
മന്ത്രിച്ചെത്താണ്ടുരച്ചീമരതല കരുതി-
ക്കൊണ്ടുനിൽക്കാത്ത ലാക്കിൽ

സന്ധിച്ചീടുന്ന സൈന്യക്കടലൊടുടമൊരുമി-
ച്ചൂക്കളെക്കൈക്കൊണ്ടൊരുന്നാ-
ളന്തിക്കാക്കോടിലിംഗക്ഷിതിയുടെയരികിൽ
കൂടിപോൽ കോട്ടമുക്കിൽ. ൨൫

ചിത്താന്തം കത്തിയോടിച്ചില'യരയരണ-
ഞ്ഞുൾഭ്രമം നൾകുമാറീ-
വൃത്താന്തം കണ്ടുകേൾപ്പിച്ചതിലധികമുഴ-
ന്നമ്പിനാൻ തമ്പുരാനും;
ശ്രദ്ധാന്തസ്സാരരായിട്ടുടനുടനണയും
നാട്ടുകാരോടുകൂടി-
ബ്ബദ്ധാന്തൽഭക്തിഭാരം ഭഗവതിനടയിൽ
കൂടി മുട്ടിച്ചു കൂട്ടം. ൨൬

ആ രാവങ്ങിനെ നിദ്രയാരുമറിയാ-
തേതന്നെ തീരുമ്പൊഴ-
ള്ളാരാവങ്ങൾ മുഴക്കിവന്നു കയറീ
ശത്രുക്കൾ തെക്കേപ്പുറം;
ആരാഞ്ഞാത്മസുതാദിജീവകഥയും
കാണാഞ്ഞു നെഞ്ഞത്തടി-
ച്ചാരാൽ വീടുകൾതോറുമുണ്ടു മുറയി-
ട്ടീടുന്നു മുത്തശ്ശിമാർ. ൨൭

അക്കാഴ്ചം മുഴവൻ ധരിച്ച ധരണീ-
പാലൻ കുളിച്ചമ്പലം
പുക്കാക്കാളിയെഴും നടക്കൽ വടിപോ-
ലന്നാശ്ശു വീണാനുടൻ

ഉൾക്കാളും ഭയമല്ല ഭക്തി ശിവയിൽ–
ശ്ശത്രുക്കളിൽ ക്രോധമ–
ദ്ദുഃഖാക്രാന്തജനങ്ങളിൽ കൃപയുമായ്
പ്രാൎത്ഥിച്ചപോലിത്തരം. ൰൪

'പെരുമ്പടപ്പിൽ ക്ഷിതിപാലരത്നം
പെരുമ്പടക്കോപ്പിഹ കൂട്ടിവന്നു;
ഒരുമ്പെടേണം പട നീ തടുപ്പാൻ
കുരുമ്പയമ്മേ! മമ തമ്പുരാട്ടി!' ൰൫

എന്നൎത്ഥിച്ചപ്പടിഞ്ഞാറടയ നടയിലായ്
മന്നവൻ വീണനേരം
തന്നത്താനാ വടക്കേക്കതക നടയിൽനി–
ന്നിട്ടു പൊട്ടിത്തുറന്നു;
എന്നല്ലത്യുക്കരായിച്ചിലരുടനെയക–
ത്തിന്നിറങ്ങിത്തുടങ്ങീ–
യെന്നെല്ലാം തോന്നിയൊന്നേററലവു നടയട–
യ്ക്കുന്നതും കണ്ടു ഭൂപൻ. ൰൬

അന്നാൾമുതൽക്കാ നൃപവംശജന്മാർ
ചെന്നാപ്രദേശത്തു നമിച്ചിടുമ്പോൾ
ഒന്നാക്കവാടം വെളിവിൽ തുറക്ക–
ണമന്നാണു കേളിപ്പൊഴുമുള്ള ചട്ടം. ൰൭

പെട്ടന്നേററ നരാധിനാഥനധികം
ധൈൎയ്യത്തൊടും പോന്നുടൻ
കെട്ടിക്കാത്തു നടയ്ക്കൽ വാഴുമൊരു തൻ–
നാട്ടാരൊടെല്ലാരൊടും

'ധൃഷ്ടതപെത്തൊടു നിങ്ങളൊക്കെ വരുവിൻ;
പോരിൽ ജയം കിട്ടിടും
തിട്ടം തന്നെ' യിതെന്നുരച്ചസിയുമായ്
മുമ്പിട്ടിറങ്ങീടിനാൻ. ൧൮

പിന്നെത്തക്കഥ പീവരസ്സനിമണ്ണേ!
ചൊല്ലേണ്ടതുണ്ടോ? രണ-
ത്തിന്നെത്തിക്കയറമ്പൊഴുള്ളിൽ വെളിവു-
ണ്ടാമോ ഭടന്മാൎക്കെടോ?
തന്നെത്താനസി കുന്തമെന്നിവകളാൽ-
ശ്ശത്രുക്കളെക്കൊന്നുകൊ-
ന്നന്നൊത്തപ്പകലന്തകന്നൊരു വിരു-
ന്നൂണിന്നൊരുക്കീടിനാർ. ൧൯

തെക്കേബ്ഭാഗത്തുകാരെത്തെളുതെളെ വിലസ്സും
വാളു വീശിക്കിടയ്ക്കും
തക്കത്തിൽക്കൊച്ചിയുഴിപതിസ്സുശിരൊടടു-
ക്കുന്നു മുമ്പിട്ടുതന്നെ;
മുഷ്ക്കന്മാരായ് രണത്തിൽ പടുതയൊടു കിളി-
ക്കോട്ടുവീട്ടിൽ പണിക്ക-
രെച്ചുക്കന്മൊരുണ്ടു നാലാളുകൾ നൃപനവിടെ-
ദ്ദേഹരക്ഷയ്ക്കു കൂടെ. ൨൦

കയ്യും കാലും മുറിഞ്ഞും ചിലർ തലയകലെ-
പ്പോയ്തെറിച്ചും പലേടം
മെയ്യും കീറിച്ചൊരിഞ്ഞും രുധിരമവിടെ വീ-
ണൂന്നു ചത്തത്ര ലോകം!

വയ്യെന്നോൎത്തിട്ടൊഴിക്കുന്നിതു ചിലർ, ചിലർ
നേരാളിതൻ ജീവനാശം
ചെയ്യുന്നേരംവരെക്കും വലിയ വിരുതു കാ-
ട്ടുന്നു നീട്ടുന്നു കുന്തം. ൨൮

കൂട്ടത്തിന്നൊരുണച്ചക്കൂടിന കൊടു-
ങ്ങല്ലൂർനരേശപ്പട-
കൂട്ടത്തിന്നെതിരിട്ടു നിന്നു പൊരുതും
വമ്പുള്ള ശത്രുക്കളെ
നീട്ടും കുന്തമതിന്നു കേവലമിര-
യ്യാക്കാൻ നൃപൻ തന്നൊരീ-
നീട്ടുണ്ടെന്നു പറഞ്ഞുകൊണ്ടു ചില നാ-
യന്മാർ നടന്നീടിനാർ. ൨൯

ഇതിൽ കൂസലുണ്ടോ കടലിന്നുസമാനം
പെരുകി വ-
ന്നെത്തുക്കളം മാട്ടോപ്പീവരനുടെ നരന്മാർ
ചെറുത്തുമേ?
അതില്ലെന്നല്ലററം വിരുതൊടെതിരിട്ടോർ-
കളെ വധി-
പ്പതിൽ കാണിക്കുന്നുണ്ടതിപരിചയം വി-
സ്മൃതദയം. ൩൦

ആററിൻവെള്ളമൊഴുക്കൊടൊത്തഴിമുഖം-
ത്തെത്തുമ്പൊഴുണ്ടോ കടൽ-
ക്കേററത്തിന്നു കുറച്ചലാനിലയിലായ്
കൂസാതെ ഘോഷാന്വിതം

വീററംപൂണ്ടു നടന്നിടുന്ന പടയിൽ
കൊച്ചിക്ഷിതീശപ്പട-
ക്കാററന്മാർ കുതിരപ്പുറത്തിടയിൽ വ-
ന്നേശുന്ന സേനേശരും. ൨൪

മെച്ചംപൂണ്ടു സമസ്തസൈന്യപതിയായ്
മന്ത്രീന്ദ്രനാം പാലിയ-
ത്തച്ചൻതന്നെ കരത്തിൽ വെൺമഴവില-
ക്കികൊണ്ടടുക്കളംവിധൌ
ഉച്ചത്തിൽ ഭയമാൎന്ന തന്നുടെ ഭട-
ന്മാരൊന്നകന്നെന്നതിൽ
പച്ചപ്പുഞ്ചിരിയിട്ടടുത്തിതു കൊട്ട-
ങ്ങല്ലൂരിളാനായകൻ. ൨൫

'താനോ വൃദ്ധ,നെനിക്കു നല്ലൊരു ചെറു-
പ്രായം, കിടാവാസ്സുളി-
പ്പാനോ ഭാവ,മിതെന്തു കൂത്തു? വെറുതേ
വൈരം മുഴപ്പിക്കൊലാ;
മേനോനെന്തിനിതിൽക്കിടന്നു പെരുമാ-
റീടുന്നു? ദൂരത്തു പോയ്
മാനോത്സാഹഗുണങ്ങളുള്ള യുവവീ-
രന്മാരെ വിട്ടീടടോ.' ൨൬

'നേരമ്പോക്കുകളാം ചെയ്യിടാതെതിരിടാൻ
ഭാവിപ്പതുണ്ടെങ്കിലി-
ന്നേരമ്പോരിടുകെ'ന്നു മാത്രമുരചെ-
യ്തപ്പാലിയത്തച്ഛനാ

വീരൻ ഭൂപതിതന്നിടഞ്ഞുമലുക-
ണ്ടാവെൺമഴത്തണ്ടടൻ
ഘോരം ഭൂരിവിദഗ്ദ്ധഭാവമൊടിള-
ക്കീട്ടാഞ്ഞു വീശീടിനാൻ. ൨൭

കൊണ്ടില്ലാ കൊണ്ടുവെന്നുള്ളളവിലൊരു പണി-
ക്കമ്മൈരക്കൻ വലക്കൈ-
ത്തണ്ടിന്മേൽത്തട്ടി മേനോനുടെ മഴ പഴതേ
തന്നെ താഴത്തു വീണു;
കണ്ടിട്ടില്ല കൌശലം താനിതി പുനരിവനും
മാറി മന്ദം ചിരിച്ചും-
കൊണ്ടിയ്യാൾതൻവലത്തെച്ചുമലിൽ നൃപനിട-
ക്കയ്യിനാൽക്കൊട്ടിതാനും. ൨൮

ഇക്കണ്ടോരവമാനമേററഥ ചവി-
ട്ടേററുള്ള പാമ്പിൻക്രമം
കൈകൊണ്ടുൾക്കറവെച്ചു മേനവനടൻ
നേരിട്ടു ചീറംവിധൌ
'നിൽക്കേണ്ടെന്നുടെ നേക്കു, തന്റെ വിഷമി-
ച്ചേൽക്കില്ലെനി,യ്യെന്റെ ക-
യ്യൂൾക്കൊണ്ടീടിന വാളിനഞ്ഞൊരിരയാ'-
മെന്നോതി മന്നോർവരൻ. ൨൯

ഇതി കേട്ടതുപാടു കോപമൂലം
ധൃതികൂട്ടി ക്ഷിതിപാലമന്ത്രിസർപ്പം
അതിധൃഷ്ടമണഞ്ഞു കൊത്തിയപ്പോ-
ളതിലൊട്ടേററ നൃപന്നു ചോരപൊട്ടി. ൩൦

എടത്തെക്കെത്തണ്ടിൽ ചൊരുത്തു മുറിയേ-
    റേറാരു സമയം
കട്ടത്തോറം ഭാവം പതറിയെത്രവീ-
    രോത്തമനുടെ
കുടത്തേക്കാൾ ക്രൂററൻ കുടവയറിലാ-
    വാൾ മുഴവനും
കടത്തണ്ടും ഭാഷയ്ക്കുടനെയൊരു നീ-
    ട്ടേകിയരചൻ. ൩൫

തുളമ്പിട്ടം കുമ്പയിൽ വാൾകടത്തി-
പ്പിളന്നു മേനോനുടെ ജീവസൂത്രം
കളഞ്ഞു ഭൂപൻ കുടർമാല ചാടി-
ച്ചിളക്കി വൈരിപ്പട കണ്ടതെല്ലാം. ൩൬

ഇക്കർമ്മാരംഭകാലം നൃപനുടെ തിരുമെയ്
    കാത്തുനിൽക്കും പണിക്ക-
ച്ചെക്കന്മാരാത്തട്ടക്കളന്നരിഭടരെയരി-
    ഞ്ഞീടിനാർ നാലുപാട്ടും
തൃക്കൺപാൎക്കുന്നനേരം നരവരനു പുറ-
    ത്തേക്കു പോരുന്നെന്നു തോന്നി-
ച്ചൊക്കും ഭദ്രാഭടന്മാരുടയ നെടിയൊരാ-
    വേശമേശും പ്രകാരം. ൩൭

മുറവിളിയൊട്ടു ചിന്നിപ്പാഞ്ഞിട്ടും
    കൂട്ടരോടായ്-
പ്പറവിനവിടെയെന്തെന്തെന്നു കൊ
    ച്ചിക്ഷ്മാധീശൻ

അരിവരരെയൊരേടം കൊണ്ടൊട്ട-
കളമ്പോൾ ഞെട്ടി-
ത്തിരിവതിനിടയായിത്തീൎന്നിതീ-
വാത്മമൂലം. ൩൪

മാന്യേ! മന്ത്രി മരിപ്പതും മറനൃപൻ
മാനം നടിക്കുന്നതും
മെന്യേ മാററലരക്രമങ്ങളധികം
കാട്ടുന്നതും കണ്ടുടൻ
തന്നുൾത്തട്ടിലെരിഞ്ഞുകത്തിന കടു-
ക്രോധക്കനൽക്കട്ടതാൻ
ചിന്നുംമട്ടു തുടുത്ത ദൃഷ്ടികളൊടൊ-
ത്തങ്ങോട്ടു ചാടീ നൃപൻ. ൩൫

അതിന്നിടെയവിടെ വടക്കേ
ക്ഷിതിഭാഗത്തൊട്ടടുത്തു കേൾക്കായീ
അധികം കോളിളകും ജല-
നിധിതന്റെയിരമ്പൽപോലെയൊരു ഘോഷം.

എന്തെന്നു ചിന്തിപ്പതിന്നുമുമ്പാ-
യന്തംപെടാതാശു വടക്കുപങ്കിൽ
ബന്ധിച്ചിടും കൂറൊട്ടു സൈന്യസിന്ധു
സന്ധിച്ചുകൂടുന്നതു കണ്ടു ലോകം. ൩൬

ആ രാജാവിന്റെ ചെറവായഴിമുതൽ-
ക്കളെല്ലൊരു നാട്ടിൽപ്പെട്ടും
ധാരാളം ബലമുള്ള നായർപ്പടയും
നമ്പ്രാടനാം നാഥനും

പോരാ ക്കുറൊട്ടു കാവുതീണ്ടുലധികാ.,
　　　　രംകൊണ്ടു ക്കുരിക്കഴി-
ക്കാരാം മൃക്കവരും രണത്തിനു തുണം
　　　　യ്യെത്തുന്നതാണായതും. ൩൮

പടക്കൂട്ടം കണ്ടോരളവൊളിവിലായി-
　　　　ട്ടുരുബലം
കൊട്ടുക്കും ശൈലാബ്ധിക്ഷിതിപതിസഹായം-
　　　　വഴി ജയം
മിട്ടുക്കോട്ടും നേടാനെതൃന്റപനു തക്ക-
　　　　ണ്ടിവനിനി-
ക്കുട്ടക്രോധം ചൊവ്വല്ലിതി കരുതി കൊച്ചി-
　　　　ക്കരചനും. ൩൯

അതിയാശ്ശുറയുന്നതെന്തിനീ ഞാ-
നതിസൌന്ദൎയ്യജയക്കൊടിപ്പതാകേ!
മതിയിന്നു കലാപമെന്നു കൊച്ചി-
ക്ഷിതിപൻ സന്ധികഴിച്ചു പിന്തിരിച്ചു. ൪൦

ഊക്കേറം കൈമിട്ടുക്കൊക്കയുമിഹ വിഫല-
　　　　പ്പെട്ടുമൂലം വടക്കു
ന്മാർക്കേതും തൃപ്തിയായീലുടലിനു മുറിവേൽ-
　　　　ക്കാതെ പോകേണ്ടിവന്നു;
കേമക്കേണാം കേഴനേത്രേ! വിരുതുടയ കിളി-
　　　　ക്കോട്ടു വീട്ടിൽ പണിക്ക-
ന്മാർക്കേററം കോഴിലിംഗക്ഷിതിപതിയുചിത-
　　　　സ്ഥാനമാനങ്ങൾ നൽകി. ൪൧

മതിമതി! തിരുവഞ്ചിക്കുള-
മതിൽ മതിമൂഢന്റെ മുമ്പിലരചനുടെ
പ്രതിനിധിപദവുംകൂടി
ക്ഷിതിപതി കല്പിച്ചു നൽകിയെന്നോകളം. ൪൨

കാലനെക്കാട്ടുവാൻ വൈരി
കാലേ വീശിയ വെണ്മഴ
മേലേൽക്കാതാക്കിയതിനു
കൂലി നല്കേണ്ടതല്ലയോ? ൪൩

ഇത്ഥം കാളീപ്രസാദംവഴി ബഹുബലമേ-
റുന്ന ശത്രുക്ഷിതീശൻ
യുദ്ധംചെയ്യിട്ടുമൊട്ടെങ്കിലുമൊരപജയം
വന്നുകൂടാതെതന്നെ
വൃത്യാ തന്നുള്ളിലോക്കുംവിധമൊരുപശമം
താൻ വരുത്തി സ്വധർമ്മം
വ്യത്യാസംവിട്ടു രക്ഷിച്ചിതു കൊടിയ മഹാൻ
കോടിലിംഗാധിനാഥൻ. ൪൪

ക്ഷാമം നാട്ടിലൊരേടമില്ലൊരു പദാ-
ർത്ഥത്തിന്നുമെന്നല്ലതി-
ക്ഷേമംതാൻ പ്രജകൾക്കശേഷമതിമോ-
ഹോല്ലേഖമില്ലായ്കയാൽ;
ഈമട്ടിൽ ക്ഷിതി കാത്തു, കാത്തു സതതം
വർണ്ണാശ്രമാചാരവും,
സാമർത്ഥ്യം ജനരഞ്ജനയ്ക്കുമധികം
കാണിച്ചു മന്നോർവരൻ. ൪൫

തൻകീഴായൊരിടപ്രഭുപ്പദവിയിൽ-
പ്പാക്കൾ കിളിക്കോട്ടുകാർ
കെങ്കേമത്വപ്പെട്ടുമാടനൃപന്നു; സകല-
ത്തിന്നും സഹായിക്കയാൽ
മങ്കേ! കേളൊരു ഭാരമില്ല ധരണീ-
ഭാരത്തിന്നും, കേവലം
സങ്കേതസ്ഥലമായി വാണു സുഖസ-
മ്പത്തിന്നു പൃത്ഥ്വീശ്വരൻ. ൪൬

ഏവം നമ്മുടെ കോടിലിംഗനൃപതി-
ക്കെന്നും സഹായിച്ചുതാൻ
മേവും വൈഭവമേറെയേറിന പണിക്ക-
ന്മാർക്കു നാലാംക്രമേ
ഭാവം ചേർന്നജത്തിയായൊരുവളേ
സന്താനവല്ലീനില-
യ്ക്കീ വംശപ്പിരിവിങ്കലുള്ളു; വളരെ
സ്സ്നേഹിച്ചിരുന്നാരവർ. ൪൭

ഇസ്സാധ്വിപ്പെണ്ണിനെക്കൊണ്ടവരൊരുപണിയും
താനെടുപ്പിക്കയില്ലാ,
ദുസ്സാമർത്ഥ്യങ്ങൾ കാണിക്കിലുമതികടുവാം-
മട്ടു ശിക്ഷിക്കയില്ലാ,
നത്സാമർത്ഥ്യം ജനിക്കുമ്പടി വലിയ പഠി-
പ്പൊന്നുമുണ്ടാക്കിയില്ലാ,
വത്സാവാത്സല്യമിമ്മാതിരി വിഫലഫല-
പ്രായമായ്ത്തീർന്നിതെല്ലാം. ൪൮

കണ്ടാലുണ്ടഴകായവൾക്കു ജനനാൽ-
തന്നേ, വിശേഷിച്ചുതാ-
നുണ്ടാക്കീ ഹിതമുള്ള ഭൂഷണഗണം-
ശ്രീമോടിയിൽ ധാടിയും,
കൊണ്ടാടി സ്മരദേവനേകി രസമൊ-
ത്താ യൌവനപ്രൌഢിയും,
കണ്ടാലേവനുമൊന്നു തോന്നും;മത്തമ-
ട്ടായ് തീൎന്നിതാത്തന്നാരിയും. ൨൯

കാർകൊണ്ടൽക്കൊത്തകൂവൽ ചാരച്ചൊരുപുറം
കെട്ടിച്ചെരിച്ചിട്ടതും
കൂർകൊണ്ടാസ്മിതമുത്തു ചേൎത്തൊരു കട-
ക്കണ്ണിട്ടു നീട്ടുന്നതും,
പേർകൊത്തിച്ചൊരു കൊച്ചുകാതില കവിൾ-
ത്തട്ടിന്മൽ മുട്ടുന്നതും,
പോർകൊങ്കക്കുടവും നിനക്കിലവളെ-
ക്കാമിക്കുമേ കാമനും. ൩൦

അവളെയൊരുദിനത്തിൽ കണ്ടു കാമംകടന്നി-
ട്ടവനിസുരനൊരുത്തൻ ചെന്നു സംബന്ധമായി;
അവനെയുമവരിഷ്ടംപോലെ പൂജിച്ചുപോന്നാ-
രവളുമവനുമായിക്കൂടിയാടിസ്സുഖിച്ചു. ൩൧

പെണ്ണുങ്ങൾക്കു വിരിഞ്ചകല്പിതമെട്ടു-
ത്താണുങ്ങൾ കൂത്താടിയാൽ
കണ്ണും പുഞ്ചിരിയും മുഖസ്തുതിയുമാ-
ണല്ലോ മയക്കീടുവാൻ;

പൊണ്ണബ്രാഹ്മണരിൽ പ്രധാനി പരമീ-
നമ്പൂരിയെപ്പിന്നെയ-
വ്വണ്ണം നമ്മുടെ പെൺകിടാവിഹ മയ-
ക്കിപ്പോന്നതെന്തത്ഭുതം? ൫൨

സ്വാതന്ത്ര്യം നൽകിയെന്നാലബലകളധികം
ധൂൎത്തു കാണിക്കുമെന്നായ്
സ്ത്രീതന്ത്രം കണ്ടു പണ്ടുള്ളവർ പറയുവതും
പാൎക്കുകിൽ സത്യമത്രേ;
നീതെല്ലാം നീരസം തേടരുതു സുചരിതേ!
ഹന്ത! നമ്പൂരി കാണാ-
തേതെല്ലാം ലാക്കിലിപ്പെൺകൊടി കുടിലവിട-
ന്മാരൊടും കൂടിയാടീ. ൫൩

ഇതാരാനും ചൊല്ലീട്ടറിവിനിടയായ്-
ത്തീൎന്നിടുകില-
ന്നതായാൽ ചോദിക്കും, പ്രിയയൊടവളോ
പുഞ്ചിരിയിടും;
'ഇതാ നോക്കൂ! നോം തങ്ങളിലൊരുവിധം
ഹന്ത! കലഹി-
പ്പതാണാദ്ദുഷ്ടക്കാഗ്രഹമതിനിതെ'-
ന്നും പറയുമേ. ൫൪

'എന്നോടലട്ടിയവനംഗജസംഗരത്തി-
നന്നോതി ഞാനിതിവളോടു നടക്കയില്ല;
അന്നോൎത്തുവെച്ച ചതിയാണതിനുണ്ടു സാക്ഷി-
യെന്നോപ്പതന്നുടെ പരിഗ്രഹ'മെന്നുമോതും. ൫൫

ഓരോ തക്കത്തിലോരോവിധമിവ പലതും
സാധുനമ്പൂരിയോടും-
പ്പോരോടോതിപ്പകിട്ടും, ചതുരതയൊടു താൻ
ജാരരൊത്തും രമിക്കാം,
ആരോമൽത്തയ്യലാളിങ്ങിനെ ബഹുസുഖമായ്
വാണിടുന്നോരുകാലം
നേരോടില്ലത്തിലീയന്തണനൊരുകുറി പോയ്
പത്തുനാൾ പാർത്തുപോലും. ൯൰൯

അതിനിടയിലൊരിഷ്ടൻ പൂർണ്ണചന്ദ്രാഭ പൂരി-
ച്ചതിവിശദമശേഷം വെള്ളയായുള്ള രാവിൽ
മതിയിൽ മദനമാൽമൂത്തന്തണൻ ഹന്ത! താനേ
മതിമുഖിയുടെ ചാരേ ചേരുവാൻ വെച്ചടിച്ചു. ൱

വഴിക്കേററം ദീർഘം പെടുവതറിയാ-
തായവനിട-
യ്യൊഴിക്കാതേ പോന്നിട്ടഥ വഴിവില-
ങ്ങും പുഴയുടെ
ഒഴുക്കിൽ തങ്ങിപ്പോയ് കടവിലുടനേ
വഞ്ചികയറി-
ക്കഴക്കില്ലാതെത്തീ മകരമില-
യ്യും ബഹുരസം! ൱൧

അടിയിലധികമേൽക്കും ശുദ്ധമേ പഞ്ചസാര-
പ്പൊടിയൊടു കിടയാകും തൂമണൽത്തട്ടിലെത്തി
നെടിയ ഭുവനപാത്രം പൂർത്തിയായ് വീഴ്ത്തിട്ടും പാൽ-
വടിവുടയ നിലാവിൻസ്വാദറിഞ്ഞാൻ ദ്വിജേന്ദ്രൻ.

ഏവം പറഞ്ഞവെ നടന്നു പണിക്കർ വാഴു-
മാ വലിയെഴുന്ന ഭവനത്തിനകത്തു കേറീ;
ദൈവം പറഞ്ഞപടി തൻെറ പരിഗ്രഹം താൻ
ഭേവും പ്രധാനമണിമച്ചിലണഞ്ഞു വിപ്രൻ. ൱

അന്നേരമന്തണൻ വന്നണയുമവിടെയെ-
ന്നുള്ളതോൎക്കാതെതാൻ നി-
സ്സന്ദേഹം ജാരനോടൊത്തൊരു തളിരൊളിമെ-
ത്തപ്പുറത്താഹ്ലാദമോടം
ഒന്നോരോക്കളിയാടിമച്ചിലതു കുത്തുകുത്തു-
ന്നോതിടുമ്പോൾ സ്വകാന്തൻ
വന്നോറിക്കണ്ടുഴന്നാളവ,ളൊളിവഴിയേ
ജാരനോ ചാടിയോടീ. ൱൧

അതുപൊഴുതു മനസ്സിന്നൊട്ടൊരാശ്വാസമായി-
പ്പുതുമമത നടിച്ചുക്കുട്ടിമാൻദൃഷ്ടിയാളും
'ഇതുവിധമിവിടുന്നിപ്പാതിരക്കേകനായ്വ-
ന്നതു കഠിന,മെനിക്കോ ഹന്ത! സന്താപ'മെന്നാൾ.

കള്ളപ്രേമം നടിച്ചിങ്ങിനെ കളമൊഴിയാൾ
ദന്നയം തട്ടിമൂടാ-
നുള്ളഭ്ഭാവം തുടങ്ങുംപൊഴുതു കഴുതയാ-
യാലുമൊന്നുഴിദേവൻ ൱൨
ഉള്ളിൽപ്പൊങ്ങും പ്രകോപത്തൊടുമവനുടെ മെയ്
ചേരുമാത്താനപ്പിയാളെ-
ത്തള്ളിപ്പെട്ടന്നു നീക്കീട്ടവളൊടു കടുവാ-
ക്കിത്ഥമൊന്നാദ്യമോതി:— ൱൩

‘ഏടി ശഠേ! മതി; നിന്നുടെ ദുഷ്ടമാം
നടവടിക്രമമൊക്കെയറിഞ്ഞു ഞാൻ;
കുടിലഭാവമഹോ! തവ കണ്ണിലും
നെടിയതാണു മനസ്സിനു നിശ്ചയം. ൱൪

പലപ്പൊഴും കേട്ടറിയുന്നതുണ്ടീ-
യ്യിളപ്പമാം നിന്റെതൊഴിലെങ്കിലും ഞാൻ
നിലയ്ക്കു നിന്നേൻ; മമ കണ്ണിലിന്നു
വെളിപ്പെടാനല്ലിടവന്നു മൂഢേ!’ ൱൫

ഇതി കാന്തൻ പറയുമ്പോൾ
ചതികാട്ടും മന്ദഹാസഭാവമൊടും
‘ഇതിനെന്തു ബന്ധ’മെന്നാ-
ളതിവൈദഗ്ദ്ധ്യം വളൎന്ന വരവാണി. ൱൬

‘നിൽക്കട്ടേ ജാരനായ് നിയ്യതുമിതുമുരചെ-
യ്യിട്ടു ഞാൻ കേട്ടതെന്നാ-
ല്ലിക്കട്ടെ। മേൽക്കിടക്കുന്നവനെയരികിൽ ഞാൻ
കണ്ടതും കൂട്ടിടേണ്ടാ;
ധിക്കഷ്ടം ദുഷ്ടശീലേ! പറക പറക നീ;
നിന്റെ കോളാമ്പിയിൽത്താ-
നിക്കട്ടുത്തുപ്പലിത്രയ്ക്കനവധി നിറവാ-
നെന്തു ഹാഹന്ത! ബന്ധം?’ ൱൭

‘ഞാൻതന്നെ തുപ്പിയിതിലിന്നു നിറച്ചതാണു
കാന്തനു മറ്റൊരു വിചാരമുദിച്ചിടേണ്ടാ;

ഏതാനും നീയിവിടെ ചെയ്തതെന്നവൾ ചൊല്ലിടുമ്പോ-
ളെന്തെന്നു നിഷ്ഠുരമുരച്ചു കൊടിച്ചു വിപ്രൻ. ൩൮

'ഇപ്പച്ചപ്പേച്ചുരക്കുന്നതു ശഠഹൃദയേ!
നല്ല സാമർത്ഥ്യമുള്ളി-
ത്തുപ്പുൻനമ്പൂരിയോടോ? മതിമതിയറിയും
നിന്നെ ഞാൻ പണ്ടുതന്നെ;
ഇപ്പോൾക്കാട്ടിത്തരാ'മെന്നവളുടെ തലയിൽ
തൽക്ഷണം ചെയ്തു വിപ്രൻ
തുപ്പൽകോളാമ്പികൊണ്ടിട്ടരിയൊരു കലടാ-
രാജ്യപട്ടാഭിഷേകം. ൩൯

മുടിമുതലടിയോളം തുപ്പലാറാട്ടുമൂലം
കൊടിയ കുരുതിയാട്ടും ചണ്ഡികാദേവിപോലെ
കുടിലമിഴി ചുവന്നുംകൊണ്ടു നിന്നിട്ടു പിന്നെ-
ജ്ഝടിതി വെളിയിലേക്കാവേഷമോടങ്ങിറങ്ങി. ൪൦

സ്വഭാവത്താൽ മാനം തടവുമവൾകാ-
ന്തന്റെ കഠിന-
സ്വഭാവം കാട്ടിത്തൻകുറവിനെ മറ-
യ്ക്കുന്നതിനുടൻ
പ്രഭാവം കൂടീടും സഹജർ പെരുമാ-
റം കളരിയാം
സ്വഭാവാസസ്ഥാനക്കതകിൽ വിളികൂ-
ട്ടീ സകരുണം. ൪൧

ത്തുഷ്ടിപ്പെട്ടും ദയിതമാരൊട്ടു കൂടിയാടി–
ക്കെട്ടിപ്പിടിച്ചു സുഖമോടുറങ്ങിടുമ്പോൾ
ഞെട്ടിപ്പൊട്ടുന്നനെയുണൎന്നവരൊന്നുപോലെ
തട്ടിപ്പിടഞ്ഞിടകലൎന്നു പുറത്തു ചാടി. ൧൨

‘എന്തെന്തെ’ന്നായ് പുറത്തേക്കവർ വരുമളവിൽ
ത്തുല്ല്യമാലേ കുളിച്ചാ–
ച്ചന്തംതേടുംപ്രകാരം സഹജയെയരികിൽ–
ക്കണ്ടു വാത്സല്യമൂലം
എന്തെന്നില്ലാതെ വല്ലാതരിശമൊടുശിരാൾ–
ക്കൊണ്ടി’തിൻ കാരണം നി–
യ്യെന്തെന്നിപ്പോൾ പറഞ്ഞീടണ’മിതി സമമായ്–
ച്ചൊല്ലിനാർ നാലുപേരും. ൧൩

മിണ്ടാതേ പിന്നെയും പിന്നെയുമഴലതിയാം–
മട്ടു തേങ്ങിക്കരഞ്ഞും–
കൊണ്ടാ‘നമ്പൂരി’ * * യെന്നിത്രയുമവളിടറി–
ച്ചൊല്ലിവെക്കമ്പൊഴക്കം
‘കണ്ടാലും കള്ളനമ്പൂതിരിയുടെ തെറി,യി–
ദ്ദുഷ്ടനെക്കൊച്ചിയാലേ
രണ്ടായാലും ശമിക്കു മമ കലുഷത’യെ–
ന്നോടിയങ്ങോട്ടൊരേട്ടൻ. ൧൪

വിപ്രൻ കോളാമ്പികൊണ്ടിക്രിയ കിമപി കഴി–
ച്ചിട്ടു തട്ടൊട്ടൊതുങ്ങി
ക്ഷിപ്രം പശ്ചാത്തപിച്ചാപ്പിയയുടെ വരവും
കാത്തു നാണിച്ചിരിപ്പായ്;

അപ്പോൾ പാടിക്കടന്നെത്തിയതവളുടെയ-
പൂർവ്വജൻ തന്നെയാണീ-
ദ്ദുഷ്ക്കാരൻ പിടിച്ചാക്ഷിതിസുരനെ നില-
ത്തിട്ടിഴച്ചാൻ വലിച്ചാൻ. ൧൩

'അയ്യോ സാഹസമെന്തെന്നു ഭവാൻ
മാപ്പേകുകെന്നായ്ത്തൊഴും
കയ്യോടെ കരുണം കരഞ്ഞു പറയും
ധാത്രീസുരശ്രേഷ്ഠനെ
വയ്യോതാനിതു: സോദരീപരിഭവ-
ക്ലേശംനിമിത്തം കടും-
കയ്യോടായവർ നാലുപേരുമൊരുമി-
ച്ചാഹന്ത ഹിംസിച്ചുതേ. ൧൪

'നരുതരുതരുതെന്നാസ്സോദരിപ്പെൺകിടാവും
കരുണയൊടുരചെയ്യും വാക്കുകൾകേൾക്കാതെതന്നേ
അരിശമൊടവരന്നാ വിപ്രനെക്കൊന്നു കീറി-
ട്ടരിമയൊടു നടത്തീ ബ്രഹ്മഹത്യാവിവാഹം. ൧൫

മയംപ്പെടാതുഗ്രക്രിയയിൽ മുതിരും സാഹസരസ-
പ്രിയന്മാർക്കുണ്ടാമേ പുനരതുനിനച്ചിട്ടനുശയം;
നയജ്ഞന്മാരാമിയ്യിവരിതുവിധം ബ്രാഹ്മണവധ-
ക്രിയക്കുന്തം വന്നോരളവഴൽ കലന്നാരതിഭയം. ൧൬

വികലഭാവമൊടാദിജദേഹമൊ-
ട്ടുകലെ വേണ്ട മറച്ചു മറസ്ഥിലും
സ്വകുലഹാനി നിനച്ചഴൽ പൂണ്ടു രാ-
പ്പകലഹോ കലഹോൽക്കടരാമവർ. ൧൭

പിറെറന്നാൾ പുലരുമ്പൊഴെക്കമിത്തുടൻ
　　നാട്ടാൾക്ക പാട്ടായിപോൽ;
തൊറന്നാരൊളിവിൽ കഴിച്ച തൊഴിലും
　　പാരിൽപ്പരന്നീടുമേ;
മറെറാന്നും പറയേണ്ടതില്ലിത്തു മഹീ-
　　പാലന്റെ കണ്ണുങ്ങളിൽ
പറവന്നേരമതാമഹാന്തു വിഷനീർ
　　വീഴുന്നതായ്ത്തീൎന്നതേ.　　വൃ൦

നാട്ടിൽ പ്രാധാന്യമേറം വലിയവർ നിലകൈ-
　　വിട്ടു ദുഷ്കൎമ്മമല്പം
കാട്ടിപ്പോയാൽ പരക്കെജ്ജനമതനുസരി-
　　ച്ചാനടപ്പൂം നടക്കും;
പാട്ടിൽപ്പാകത്തിൽ നിൽക്കാം മമ സചിവരിതി-
　　ന്മട്ടു ദുൎന്നീതി കാട്ടി-
ക്കൂട്ടിപ്പോരുമ്പൊഴം മിണ്ടാതിവനമരുകിലീ
　　നല്ല രാജ്യം നശിക്കും.　　വൃ൧

അതിനാലതിയോഗ്യരെന്നു നാട്ടിൽ
ശ്രുതിനേടുന്നിവരെപ്പിടിച്ചിതിങ്കൽ
മതിയായൊരു ശിക്ഷചെയ്തുവിട്ടേ
മതിയാവൂ മമ നീതി നീളെ നില്പാൻ.　　വൃ൨

ശൎമ്മം നാട്ടിൽ നടത്തുവാനിതി നിന-
　　ച്ചാബ്രഹ്മഹത്യക്കുട്ടാ-
കൎമ്മക്കാരെ വരുത്തി നിൎത്തി വിവരം
　　ചോദിച്ചറിഞ്ഞാ നൃപൻ

ധൎമ്മം നോക്കിയതിക്രമത്തിനുടനേ
ശിക്ഷിച്ചു; നീതിക്കേഴം
മൎമ്മം കണ്ടവരാമവൎക്കമതഹോ!
സന്തോഷമായ്ത്തീൎന്നതേ. ൩൧

'ഇതെന്തൊരത്യത്ഭുത'മെന്നു ചോദി-
പ്പതെന്തെടോ വിസ്മിതസസ്മിതാസ്യേ!
അധിസ്സാധൎമ്മം നരനാഥമൌലി
വിധിച്ചതെന്തെന്നുമുരച്ചിടാം ഞാൻ. ൩൨

'കാൎയ്യം ഞാനറിയും, നയക്രമമറി-
ഞ്ഞാലും കടുക്രോധമാ-
ൎന്നായ്യന്മാൎക്കമകപ്പെടാമപകടം,
ദൃഷ്ടാന്തമായ് നിങ്ങളും;
വീൎയ്യം കൂടിയ നിങ്ങളെക്കഠിനമി-
ത്തെറ്റിന്നു ശിക്ഷിക്കുകിൽ
കാൎയ്യം ദുഷ്കടമായിതെന്റെ പദവി-
ക്കെന്നും നിനയ്ക്കുന്നു ഞാൻ. ൩൩

എന്നാലും നാട്ടുകാൎക്കിനയനടവടി മേൽ
നല്ല പാഠം കൊടുപ്പാ-
നെന്നാവാലേ വിശേഷിച്ചൊരു വിധി പറ-
യിക്കുന്നിതാ രാജധൎമ്മം;
ഒന്നാണീ നാട്ടുകത്തക്രമമുടയ കിളി-
ക്കോട്ടിലിത്താവഴിക്കാർ
നിന്നാൽ നന്നല്ല; മേലാലവരുടെ തലവീ-
ശീടുമീ രാജഖഡ്ഗം. ൩൪

നമുക്കനേകം ഗുണമേകിയോരു
സമത്ഥരാം നിങ്ങളിലോമ്മനില്പാൻ
ക്രമത്തിൽ മറേറത്തറവാട്ടുകാൎക്ക
സമസ്തമാനങ്ങളുമാക്കിടുന്നേൻ.' ൨൭

ഇതി വിധിയരുൾചെയ്താ മന്നവൻ നീക്കിയാത്മ-
പ്രതിനിധിനിലവെയ്പിച്ചാക്കിളിക്കോട്ടുകാരെ;
ക്ഷിതിപതിയുടെ ശാസ്യം സാദരം സ്വീകരിച്ചാ-
രതിമതികൾ കുടുംബത്തോടുമാ നാലുപേരും. ൨൮

കെട്ടും പെട്ടിയുമുള്ള കൈമുതൽകളും
മററം ചുമപ്പിച്ചുകൊ-
ണ്ടോട്ടും താമസിയാതെ രാജവിധിപോ-
ലത്താവഴിക്കാരുടൻ
നട്ടുച്ചയ്ക്കുവിടുന്നു പോന്നുടനിള-
ങ്കുന്നപ്പുഴെച്ചെന്നിരു-
ന്നിട്ടും തുഷ്ടിപെടാഞ്ഞണഞ്ഞു വഴിയേ
പോയ് ചേൎത്തലപ്പാൎത്തലം. ൨൯

ഇത്ഥം നാടുകടത്തിവിട്ടിതു കൊടു-
ങ്ങല്ലൂരിളാനായകൻ
യുദ്ധത്തിൽ ബഹുവീൎയ്യശാലികൾ കിളി-
ക്കോട്ടുള്ള നാലാളെയും;
ഇത്തത്വം നിജചാരർ ചൊല്ലിയറിവായ്-
ക്കൊച്ചിക്കധീശൻ നമു-
ക്കിത്തക്കം ഗുണമെന്നുറച്ചവർകളെ-
പ്പാട്ടിൽപ്പെടുത്തീടിനാൻ. ൩൦

പുലാമ്പള്ളിവീട്ടിൽ കുരപ്പിൻെറ വംശം
നിലാകുന്ന കണ്ടാക്കലേസ്പത്തശേഷം
ബലംകൂടിയോരീക്കിളിക്കോട്ടകാക്കായ്
സലക്ഷ്യം സമപ്പിച്ചു കൊച്ചിക്ഷിതീശൻ. ൩൫

എവം നമ്മുടെ നാട്ടുകാരിലിവരെ-
കൂട്ടിപ്പിടിച്ചിട്ടതെൻ-
കൈവക്കത്തിലൊരെണ്ണമെന്നു കരുതീ
കൊച്ചിക്ഷമാവാസവൻ;
ഈവണ്ണം പരപക്ഷമേറിയവരാ-
ണെന്നാലുമീ വീരർ മുൻ-
ഭാവം വിട്ടു കളിച്ചതില്ലിഹ കൊടു-
ങ്ങല്ലൂർജ്ജനത്തോടഹോ! ൩൬

എന്നോടെന്താണു ചോദിച്ചതു—'മരുന്നൃപതി-
ക്കീഴിൽ നിൽക്കുമ്പോഴൽക്കി?-
ല്ലെന്നോ മുൻകോടിലിംഗപ്പടയൊടിവ'രിതി-
ന്നെന്തിഹ ന്യായ'മെന്നോ
നന്നോർത്താൽ നിൻെറ ചോദ്യം നയമുടയ നത-
ഭ്രൂ മണേ! കൊച്ചിവാഴും
മന്നോർനാഥൻെറ കീഴാമളവിലിവർ കരാ-
റാദ്യമേ ചെയ്തുവെച്ചു. ൩൭

'എന്നോ പണ്ടേക്കുപണ്ടേ കൊടിയ ഗുണമെഴും
കോടിലിംഗേശ്വരൻ കീഴ്-
നിന്നോരാണിജ്ജനം, കേവലമതു പടയിൽ-
ക്കണ്ടിരിക്കാം ഭവാനും;

തിന്നോരാച്ചോററിൽ മണ്ണാക്കുക ബഹുവിഷമം
തന്നെ,യങ്ങോട്ടു യുദ്ധ-
ത്തിന്നോടാൻ മാത്രമോതീടരുതിനിയടിയ-
ങ്ങൾക്കിതൊന്നുണ്ടപേക്ഷ. ൱൪

എന്നായ് കൃതജ്ഞതയോടായവർ ചൊന്ന വാക്കു
നന്നായ്ത്തെളിഞ്ഞു ശരിവെച്ചിതു കൊച്ചിരാജൻ;
അന്നാൾമുതൽക്കു മരനാട്ടിൽ നടന്ന യുദ്ധ-
ത്തിന്നാകവേ പടയിലായവർ കൂടിതാനും. ൱൫

കുറപ്പെന്നാഃപ്പരോടഥ കളരിയിൽക്കുട്ടികളെ ന-
ല്ലൂറപ്പായ് ശസ്ത്രമൊക്കെ പലപടി പഠിപ്പിച്ചിടുകയും
ചെറപ്പ്രായം കാട്ടിപ്പുഴമപെരുക്കീട്ടും പല പട-
പ്പുറപ്പാടിൽക്കൂടീടുകയുമിവ ചെയ്യാരവർ ചിരം.

ഇത്ഥം മൂന്നാലു പോരാ തലമുറ വളരെ-
ച്ചെന്ന കാലത്തു കൊച്ചി-
പ്പൃത്ഥ്വീക്കീശനു ശൈലാംബുധിപതിയോടെതിർ-
ക്കേണ്ടതായുണ്ടു ലാക്കിൽ
യുദ്ധത്തിന്നായ് സഹായിച്ചിതു മഹിതമഹാ-
മന്ത്രി രാമയ്യനുള്ളാ-
ബ്ബുദ്ധിപ്രാഗൽഭ്യമൂലം ബലധനവിഭവം-
കൊണ്ടു വഞ്ചിക്ഷിതീശൻ. ൱൬

പടച്ചിലവിന്നന്നുതാൻ പണയമായ്-
ക്കൊടുത്തന്നു കൈ-
പ്പടച്ചിലവിലേഖനംവഴി കര-
പ്പുറം മിക്കതും

കിടച്ചിതു കരസ്ഥമാംനിലയിൽ വ-
ഞ്ചിരാജാവിന,-
ങ്ങുടച്ചാലിതുകൊണ്ടു കണ്ടിതു കുറ-
ച്ചു കൊച്ചീശനും. ൯൮

കൊടുങ്ങല്ലൂർ വിട്ടിങ്ങിനെ വലിയ കൊച്ചി-
ക്ഷിതിയിൽ വാ-
ണൊടുക്കം വഞ്ചീശപ്രജകളുടെ കൂ-
ട്ടത്തിലിവരും
ഒടുക്കിപ്പോരുന്നു കരമഖിലമാല-
പ്പുഴയിലും
കിടക്കുന്നുണ്ടിപ്പോളിവരുടെയ വേറി-
ട്ടൊരു കുലം. ൯൯

പുരുപ്രസിദ്ധൻ പട്ടുമൻഷി രാമ-
ക്കുറപ്പു ബി. ഏ. കവിയിക്കുലത്തിൽ
പിറന്നൊരാളാ,ണതു മീ മനുഷ്യൻ
പറഞ്ഞു കേട്ടനൊരുനാളിലീ ഞാൻ. ൧൦൦

ഏവം കാലക്രമംകൊണ്ടനവധി വകമാ-
റങ്ങൾ നാട്ടിങ്കലുണ്ടാ-
യീവണ്ണം രാജ്യഭാരക്കൊടിയുടെ തലയിം-
ഗ്ലീഷുകാർ കയ്ക്കലാക്കി;
ആവുംമട്ടിൽ സ്വധർമ്മസ്ഥിതി കുറവു വരാ-
തോർത്തുനോക്കും ജനത്തിൽ
കൈവക്കെത്തുന്നു മേകും കളകരുണ കളി-
ക്കുന്ന കാളീകടാക്ഷം. ൧൦൧

26 JUL 1937

MUL
051109